**ഹനുമൽസേവ ഇടശ്ശേരി ക്കവിതയിൽ**
**എൻ.പി. വിജയ കൃഷ്ണൻ**
(മാതൃഭൂമി വാരിക 2001 ഏപ്രിൽ 1)

1

# ഹനുമൽസേവ ഇടശ്ശേരിക്കവിതയിൽ

## എൻ.പി. വിജയകൃഷ്ണൻ

കേട്ട ലങ്കാദഹനങ്ങളിൽനിന്നും കണ്ട കല്യാണസൗഗന്ധികങ്ങളിൽ നിന്നും വായിച്ച സുന്ദരകാണ്ഡങ്ങളിൽനിന്നും 'വർധിതതര ധവള ഹിമാചലസന്നിഭതുംഗ ശരീരനായി' വളർന്ന് മലയാള മനസ്സിന്റെ തീരത്ത് സാഗര ലംഘനത്തിനൊരുങ്ങിനില്ക്കുകയാണ് ഹനൂമാൻ എന്ന കഥാപാത്രം. പാണ്ഡിത്യത്തിന്റെ കളിയരങ്ങത്തും പാമരത്വത്തിന്റെ തുള്ളൽപ്പന്തലിലും കവിതയുടെ ഐതിഹാസികതയിലും നാടോടി വാങ്മയത്തിലുമെല്ലാം ("ചാടീ ഹനൂമാൻ രാവണന്റെ മതിലിന്മേൽ" എന്നു തുടങ്ങുന്ന പുലിക്കളിപ്പാട്ട്) ഹനൂമത് സാന്നിധ്യം നാലഞ്ചുനൂറ്റാണ്ടുകളായി കേരളത്തിൽ അടിയുറച്ചു നില്ക്കുന്നുണ്ട്. മലയാള കാവ്യരൂപങ്ങളിൽ ഈ സാന്നിധ്യത്തിന്റെ പരപ്പ് ഇടശ്ശേരിക്കവിതയെ മുൻനിർത്തി നിരീക്ഷിക്കുകയാണ് ഈ ലേഖനത്തിലൂടെ.

ഇടശ്ശേരിയും ഉറൂബും ഇ. നാരായണനും മുറയ്ക്കു കഥകളി കണ്ടുനടന്നിരുന്ന കാലത്തെക്കുറിച്ച് അക്കിത്തം ഒരു വർത്തമാനത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഇടശ്ശേരിയുടെ 'ലവണാസുരവധത്തിലെ ഹനൂമാന്റെ' ആമുഖത്തിൽ പരാമർശിക്കുന്ന മൂന്നുപേർ ഇവരാണ്. ആനക്കരവടക്കത്തുവെച്ച് കവളപ്പാറ നാരായണൻനായരുടെ ഹനൂമാനും കാവുങ്കൽ ചാത്തുണ്ണിപ്പണിക്കരുടെ ലവനും സഹോദരന്റെ കുശനുമായുള്ള ലവണാസുരവധം കഥകളികണ്ടതിനു പിറ്റേന്ന് രാവിന്റെ കനംതൂങ്ങിയ കൺപോളകളും പ്രഭാതം ചാലിച്ച കണ്ണുകളുമായി എഴുന്നേറ്റുപോരുമ്പോൾ മനസ്സിൽ മായാതെ നിന്ന താളത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ് ഇടശ്ശേരി ഈ കവിത എഴുതുന്നത്. കഥകളിയുടെ ചരിത്രത്തിൽ കവളപ്പാറയുടെ ഹനൂമാൻ എന്നും ഒറ്റതിരിഞ്ഞു നില്ക്കുന്നു. ഹനൂമാന്റെ മൃഗമർത്ത്യദേവസങ്കലനാത്മതയാണ് ഇടശ്ശേരിയെ പ്രചോദിപ്പിച്ചത്. ഹനൂമാനാണ് ഇടശ്ശേരിയുടെ ദൈവം. ഹനൂമൽസേവയാണ് ഇടശ്ശേരിയുടെ ശക്തി. ശക്തിയിലേക്ക് കുതിക്കാൻ ഇടശ്ശേരിയെക്കൊണ്ട് ആഹ്വാനം ചെയ്യിപ്പിക്കുന്നത് ഉള്ളിലെ ഈ ഹനൂമദ്ഭക്തിയാണ്. ഇടശ്ശേരിയുടെ കവിതകളിൽ ഭഗവതിയും ശ്രീകൃഷ്ണനുമൊക്കെയുണ്ടെങ്കിലും അദ്ദേഹം ആരാധിച്ചതും ഉപാസിച്ചതും ഹനൂമാനെയായിരുന്നു.

'ലവണാസുരവധത്തിലെ ഹനൂമാൻ' ഇടശ്ശേരിയുടെ നീണ്ട കവിതയാണ്. ലവണാസുരവധം ആട്ടക്കഥയിലെ എട്ടാംരംഗമായ ഹനൂമദ് ബന്ധനത്തിന് ഇടശ്ശേരി തീർത്ത ആട്ടപ്രകാരമാണ് ഈ കവിത. ആട്ടക്കഥയിൽ ഈ ഭാഗത്ത് ഹനൂമാന് മൂന്നു പദങ്ങളേയുള്ളൂ. ബാക്കിയെല്ലാം ആട്ടങ്ങളാണ്. കല്യാണസൗഗന്ധികത്തിലെയോ തോരണയുദ്ധത്തിലെയോ പോലെ ഹനൂമദ്ശക്തിയുടെ മൂർത്ത ദൃശ്യങ്ങൾ ലവണാസുരവധത്തിൽ ഇല്ല. ഹനുമാൻ ഏറ്റവും അധികം വാത്സല്യവാനാകുന്നതും രാമഭക്തിയാൽ വൈകാരികമായി ആനന്ദമൂർച്ഛയനുഭവിക്കുന്നതും ലവകുശന്മാരോടു തോറ്റുകൊടുത്ത് ആ തോൽവി മധുരമാക്കുന്നതും ഈ കഥയിലാണ്.

തന്റെ ഉപാസനമൂർത്തി കഥകളിയരങ്ങിൽ പ്രത്യക്ഷനായതിന്റെ ആവേശമാണ് ഇടശ്ശേരിയെ ആ കഥകളിപ്പിറ്റേന്നുതന്നെ ആട്ടക്കഥാകാരനാക്കിയത്. മുപ്പതാം വയസ്സിലാണ് ഇടശ്ശേരി ഈ കവിത എഴുതുന്നത്. കവളപ്പാറയുടെ കീഴിൽ ലവണാസുരവധം ചൊല്ലിയാടാൻവരെ ഇടശ്ശേരി മോഹിച്ചിരുന്നിരിക്കണം. ഇടശ്ശേരിയുടെ ഹനൂമാനായിരുന്നുവെങ്കിലുള്ള ലവണാസുരവധമാണ് ഈ കവിത. ഹനൂമാന്റെ വിചാരത്തിലും വികാരത്തിലും നിറഞ്ഞ രാമസാന്നിധ്യമുണ്ട്. ശ്രീരാമനിൽ അർപ്പിതമായ ഉടലും മനസ്സുമായിട്ടാണ് എപ്പോഴും ഹനൂമാന്റെ സഞ്ചാരം. യാഗാശ്വത്തെ തേടി ആശ്രമത്തിലെത്തുന്ന ഹനൂമാന്റെയുള്ളിലും രാമചിന്ത തന്നെ.

ശ്യാമളം വനം രാമചന്ദ്രന്റെ
കോമള തനുതന്നെയോ

എന്ന ഹനൂമദ് വിചാരത്തിലാണ് പന്ത്രണ്ടു ഖണ്ഡങ്ങളിൽ മുന്നൂറ്റി എഴുപത്തിരണ്ടു വരികളുള്ള കാവ്യം ആരംഭിക്കുന്നത്. 'കന്നിവിണ്ണിലെ കന്നൽക്കാർ ചിന്നിയപോലെ കാണപ്പെട്ട അർഭകർ' ഹനൂമാന്റെ മനസ്സിളക്കി. 'രൂപംകൊണ്ടു തന്നെ സൽക്കരിക്കുന്ന' ഈ കുമാരന്മാരിൽ രാമചന്ദ്രന്റെ കോമളതനു ദർശിക്കാനുള്ള കണ്ണും മനസ്സും ഹനൂമാനുണ്ടാവുന്നു. ശ്രീരാമചന്ദ്രന് മാത്രമായി സമർപ്പിച്ച തന്റെ മനസ്സ് ഇവർ ചോരണം ചെയ്യുകയാണോ എന്നുവരെ ഹനൂമാൻ ആശങ്കപ്പെടുന്നു. ഭയമല്ല കൗതുകമാണ് കുട്ടികളുടെ നോട്ടത്തിലുള്ളതെന്ന് മനസ്സിലാക്കിയ ഹനൂമാന് അവരിൽ പ്രീതിയേറുകയാണ്.

ഇത്രയും മൂത്തമർക്കടത്തിനെ-
പ്പാർത്തിട്ടുണ്ടാകയില്ലിവർ

എന്നായിരുന്നു ഹനൂമാന്റെ സമാധാനം. ഹനൂമാന്റെ ചോദ്യങ്ങൾക്കൊന്നും കുട്ടികൾ ശരിയുത്തരം പറയുന്നില്ല. ഈ കുട്ടികൾ രാമനെ കേട്ടിട്ടുണ്ടത്രെ! ഭാർഗവ ജേതാവായ, രാവണാന്തകനായ, സാധുസേവനവ്രതനായ രാമനെയല്ല, പെൺകൊലചെയ്ത പാപിയും പൊന്മാനെ തേടിയ പൊണ്ണനും വാനരത്തെ ഒളിവേട്ടയാടിയ വനവാസിയുമായ രാമനെയാണ് അവർ കേട്ടിരിക്കുന്നത്.

അല്ലെങ്കിൽ മഹാന്മാരുടെ തുലാ-
സ്സങ്ങാടിപ്പിള്ളരല്ലല്ലോ.

എന്ന് ക്ഷോഭത്തെ ആയാസപ്പെട്ടു നിയന്ത്രിച്ചു സമാധാനിക്കുകയാണ് ഹനൂമാൻ. ഇവിടെയാണ് ഇടശ്ശേരി പൊന്നാനിക്കാരനാവുന്നത്. ശ്രീരാമോപാലംഭം കേട്ട ഹനൂമാന് ഈ കുട്ടികളെ അങ്ങാടിപ്പിള്ളരോട് സാമ്യപ്പെടുത്താതെ നിവൃത്തിയില്ല. ഹനൂമാന്റെ വിചാരങ്ങളിൽ ഇപ്രകാരമുള്ള നാട്ടുവഴക്കങ്ങൾ ഇടശ്ശേരി കൊണ്ടുവരുന്നുണ്ട്. ബാലകർ തന്നെ അമ്പെയ്യുമെന്ന് തീർച്ചപ്പെടുത്തിയ ഹനൂമാൻ

കൊച്ചലത്തല്ലു കൊള്ളുകതന്നെ-
യുച്ചുപാറയ്ക്കൊരാനന്ദം

എന്നാണ് ചിന്തിക്കുന്നത്. പ്രകൃതിയുമായി ബന്ധപ്പെട്ട ഈ കല്പന കഥാസന്ദർഭത്തിലേക്ക് ഉചിതമായി അദ്ദേഹം സന്നിവേശിപ്പിക്കുന്നു. പാറയുമായി ഹനൂമാനെ ബന്ധപ്പെടുത്തി മറ്റൊരു കല്പനകൂടി ഇടശ്ശേരി പ്രയോഗിക്കുന്നുണ്ട്. പ്രകൃതിയുമായി ഹനൂമാനെ കൂട്ടിയിണക്കുമ്പോൾ പാറ എന്ന പ്രതീകത്തിന് നല്ല ഔചിത്യവുമുണ്ട്. കുട്ടികളുടെ അസാധാരണമായ അസ്ത്രവേഗവും പ്രയോഗപാടവവും കണ്ട് അമ്പരന്ന ഹനൂമാന് രാമലക്ഷ്മണരുടെ അഭ്യാസപാടവമാണ് ഓർമ വരുന്നത്.

രാമലക്ഷ്മണർ വീണ്ടുമിങ്ങനെ
ബാലരായ് വന്നിരിക്കയോ!

ലവകുശന്മാരുടെ കാല്പാദങ്ങൾ കാണുന്ന ഹനൂമാൻ ശ്രീരാമന്റെ കാലടികൾ ഓർമിക്കുന്നത് കീഴ്പ്പടം കുമാരൻ നായർ ഉദാത്തമായി ആവിഷ്കരിക്കാറുണ്ട്.

'ലവണാസുരവധ'ത്തിൽ ഹനൂമാനായി ആടുന്നവർക്ക് പുതുതായി കാണിക്കാൻ പാകത്തിലുള്ള അനവധി വരികൾ ഈ കവിതയിലുണ്ട്. "കൂറ്റനായോരു നെൽക്കറ്റയുടെ കൂട്ടുകാരനായിത്തീർന്നു" ഹനൂമാൻ. "മൃദുലവാത്സല്യ വികൃതിക്കെന്നുടെ/ഹൃദയത്തിലെമ്മട്ടിടമുണ്ടായി" എന്ന് ആലോചിക്കുന്നു. 'മുതുപാറയ്ക്കുള്ളിലെ പുതുവെള്ളം' എന്നാണ് ഇടശ്ശേരി ഈ വിചാരത്തെക്കുറിച്ച് എഴുതുന്നത്.

ലവകുശന്മാർ ഹനൂമാനെ ബന്ദിയാക്കി സീതാസന്നിധിയിലെത്തിച്ചു. അന്തസ്സുറ്റ വിചാരങ്ങളാണ് ഹനൂമാനിൽ നിന്നുണ്ടാവുന്നത്.

ഇക്കഴൽ പൂമ്പൊടിയേറ്റിടുന്നു
ത്വൽക്കാന്ത പാദാബ്ജമത്തഭൃംഗം

**ഹനുമൽസേവ ഇടശ്ശേരി ക്കവിതയിൽ**
**എൻ.പി. വിജയ കൃഷ്ണൻ**
(മാതൃഭൂമി വാരിക 2001 ഏപ്രിൽ 1)



എന്ന ഉൾക്കനമുള്ള വിചാരത്തോടെയും വിനയഭക്തിയോടെയുമാണ് ഹനൂമാൻ സീതയെ വന്ദിച്ച് നമിക്കുന്നത്. ആട്ടക്കഥയിലെ 'സുഖമോ ദേവീ' എന്ന പദം ഇവിടെ ഓർമിക്കാം. സീതയുടെ ആജ്ഞപ്രകാരം തന്നോടു മാപ്പു ചോദിക്കാൻ വന്ന ലവകുശന്മാരെ ഹനൂമാൻ ആശ്വസിപ്പിച്ചാശ്ലേഷിക്കുന്ന രംഗത്തോടെ കവിത അവസാനിക്കുന്നു.

അമ്പേറ്റപാടുകൾ തോറുമേറെ-
യമ്പാർന്ന ചെന്തളിർപ്പാണികളാൽ
മന്ദം തലോടിയിവ, രെനിക്കാ-
നന്ദസമ്മൂർച്ഛതാൻ നല്കിടുന്നു.

മുത്തച്ഛന് പേരക്കുട്ടികളോട് തോന്നുന്ന സ്നേഹവാത്സല്യത്തിലെ വൈകാരികാംശമാണ് ഹനൂമാൻ അനുഭവിച്ചത്. ശ്രീരാമചന്ദ്രന്റെ മക്കളോട് എങ്ങനെയൊക്കെ വാത്സല്യം കാട്ടിയാലാണ് ഹനൂമാന് മതിയാവുക? ഹനൂമാൻ ഭൗതിക ജീവിതത്തിലെ ചില വൈകാരികമുഹൂർത്തങ്ങളുടെ അനുഭവസ്ഥനാവുന്നു.

ഇടശ്ശേരിയുടെ ഈ കവിതയ്ക്ക് രംഗാവിഷ്കാരം നല്കിയാൽ അത് ലവണാസുരവധത്തിലെ ഹനൂമദ് ബന്ധനഭാഗത്തിന് പുതിയൊരു പാഠമായിരിക്കും. മുദ്രയ്ക്ക് പാകമല്ലാത്ത പ്രയോഗങ്ങളും കല്പനകളും ഉണ്ടാകുമെങ്കിലും ഭാവത്തിന്റെ കാര്യത്തിൽ ഉജ്ജ്വലമായൊരു കലാസൃഷ്ടിയായി അത് നിലനില്ക്കും. ആട്ടക്കഥയിലെ ഒരു രംഗം പുനരാവിഷ്കരിച്ച് മനോഹര ദൃശ്യങ്ങൾ വാർത്തെടുക്കാമെന്ന് ഇടശ്ശേരി തെളിയിക്കുന്നു. ഹനൂമാന്റെ വിചാരങ്ങൾക്ക് കാവ്യാത്മകത നല്കുക എന്നതാണ് ഇടശ്ശേരി പരീക്ഷിച്ച കലാതന്ത്രം.

രണ്ടു കർമയോഗികളെ ഹൃദയത്തിൽ ഒപ്പമിരുത്തി പൂജിക്കാൻ ചെയ്ത ശ്രമം കവിതയായതാണ് 'ഹനുമൽസേവ തുഞ്ചൻ പറമ്പിൽ'. ഹനൂമാൻ ഉപാസനയ്ക്ക് ഹനൂമൽസേവ എന്നാണ് പറയുക. പ്രത്യക്ഷപ്പെടുത്താൻ എളുപ്പമല്ലാത്ത, പ്രത്യക്ഷപ്പെട്ടാലോ എല്ലാം എളുപ്പമാവുന്ന പ്രാർത്ഥനയാവുന്നു ഹനൂമത്സേവ. അൻപത്തിയാറാമത്തെ വയസ്സിലാണ് ഇടശ്ശേരി ഈ കവിത എഴുതുന്നത്. ആ പക്വത ഈ കവിതയിൽ കാണാനുമുണ്ട്.

'ഭക്തലോകോത്തംസമേ' എന്നാണ് ഇടശ്ശേരി ഹനൂമാനെ സംബോധന ചെയ്യുന്നത്. സ്വാമിഭക്തിയുടെ ഉടൽരൂപമായിട്ടാണ് ഹനൂമാനെ ഇടശ്ശേരികാണുന്നത്.

രാമകിങ്കര, നമസ്കരിപ്പൂ നിന്നെ,ക്കനി-
ഞ്ഞീ മന്ദപ്രജ്ഞന്റേതാം പൂജകൾ കൈക്കൊണ്ടാലും

എന്ന് ഇടശ്ശേരി വാണിമാതാവിനെയെന്നപോലെ വൈയാകരണനായ ഹനൂമാനെയും വണങ്ങി സ്തുതിക്കുന്നു. ഹനൂമാന്റെ അനുഗ്രഹം കിട്ടിയാൽ തനിക്ക് കാളിദാസനോളം വളരാനാവുമെന്ന് കവി പ്രതീക്ഷിക്കുന്നു. സന്ദേശഹരൻ എന്ന ഹനൂമാന്റെ നിയോഗത്തെ ഇടശ്ശേരി ചാരുതയാർന്ന കല്പനയിലൂടെ ദൃശ്യവൽക്കരിക്കുന്നു.

രാമാംഘ്രിപരാഗത്തെസ്സഫലം സീതാപാദ-
ത്താമരപ്പൂവിൽ ചേർത്ത കാറൊളി വണ്ടത്താനേ.

ഹനൂമാനെ വണ്ടായി ലവണാസുരവധത്തിലെ ഹനൂമാനിലും നിരീക്ഷിച്ചിട്ടുണ്ട്.

"ഇക്കഴൽ പൂമ്പൊടിയേറ്റിടുന്നു
ത്വൽക്കാന്ത പാദാബ്ജ മത്തഭൃംഗം"

എന്നാണ് ഹനൂമാൻ സീതയോട് പറയുന്നത്. അധർമംകൊണ്ട് ശുഷ്കിച്ച ലങ്കയുടെ ഓലപ്പുറത്ത് വീണ തീപ്പൊരിയായിട്ടാണ് സീതയെ ഹനൂമാൻ നോക്കിക്കാണുന്നത്. ശ്രീരാമസഹവാസകാലത്തെ ഹനൂമാന്റെ പ്രസക്തസാന്നിധ്യവേളകൾ ഇടശ്ശേരി അനുസ്മരിക്കുന്നു. രാമായണത്തിൽ ഹനൂമാൻ ലംഘനം ചെയ്ത തീക്കടൽപ്പരപ്പുകളോർത്ത് കവി അത്ഭുതപ്പെടുന്നു. 'സ്വന്തം ബലത്തെ സ്വയം തള്ളും ബല'മാണ് ഇടശ്ശേരിയുടെ നിരീക്ഷണത്തിൽ ഹനൂമാനെ അമരനും അനശ്വരനുമാക്കുന്നത്. ഹനൂമാന് രാവണന്റെ

ഹനുമൽസേവ ഇടശ്ശേരി കവിതയിൽ
എൻ.പി. വിജയ കൃഷ്ണൻ
(മാതൃഭൂമി വാരിക 2001 ഏപ്രിൽ 1)



മേൽ വിജയം അന്നേ നിഷ്പ്രയാസമായിരുന്നു. "രാമാസ്ത്രത്തിനുവെച്ച നൈവേദ്യമായതുകൊണ്ടാണ് ഹനൂമാൻ രാക്ഷസരാജാവിനെ സ്വാദുനോക്കാതെ വിട്ടത്." ഹനൂമാന്റെ യുദ്ധവീര്യവും ഇടശ്ശേരിയെ വിസ്മയിപ്പിക്കുന്നുണ്ട്.

കൈത്തലം ചവിട്ടുകല്ലാക്കിയും നിവർന്നേറ്റം
പോർക്കലിയാവേശിക്കെ യാരക്തവക്ത്രൻ വാലും
പൊക്കിയമ്മാറിൽ ശസ്ത്രാഘാതത്തീ ചിതറിച്ചും
മുന്നോട്ടു മുന്നോട്ടാഞ്ഞുകുതിച്ചുകേറും ഭവ-
ദുന്നതസ്വരൂപമെൻ ധ്യാനത്തിൽതെളിയാവൂ.

ഈ ഹനൂമദ്ശക്തിയാണ് ഇടശ്ശേരി കവിതകളിലേക്ക് ആവാഹിച്ചത്.

പ്രതിരോധമൊക്കെയും തട്ടിനീക്കി
കുതികൊൾക ശക്തിയിലേക്കുനമ്മൾ

'പണിമുടക്ക്'ത്തിൽ ഈ വരികളെഴുതുമ്പോൾ ഇടശ്ശേരിയുടെ ധ്യാനത്തിൽ പടക്കളത്തിലെ ഹനൂമാൻ ഉണ്ടായിരുന്നിരിക്കണം.

ഹനൂമാനോടുള്ള ഭക്തിയും ശ്രീരാമനെക്കുറിച്ച് പിൽക്കാലത്തുണ്ടായ ചില പുതുക്കാഴ്ചപ്പാടുകളുടെ സ്വാധീനതയും ചേർത്തുവെച്ച് ഇടശ്ശേരി എഴുതിയ കവിതയാണ് 'മാവിൻചോട്ടിലെ നാടകം'

രാവിലന്നൊക്കെസ്സന്ധ്യാ
ദീപത്തിൻ നേർക്കിരുന്നു
രാമായണം വായിക്കാൻ
നിയുക്തർ ഞങ്ങൾ

ഈ രാമായണവായനയിൽ നിന്നുള്ള പ്രചോദനമാണ് ഈ കാവ്യചിന്തയ്ക്ക് ആധാരം. മാവിന്റെ ചുവട്ടിൽ രാമനും ഹനൂമാനുമായി നാടകം കളിക്കുന്ന ബാലനും വിജയനുമാണ് ഇതിലെ കഥാപാത്രങ്ങൾ. ഈ നാടകത്തിൽ ബാലന് ഹനൂമാനാകണമെന്ന ഒറ്റ നിർബന്ധം. ആ വേഷത്തിലെ കപിത്വത്തെക്കുറിച്ച് കൂട്ടുകാർ പരിഹസിച്ചു ചിരിച്ചു. എന്നാലും ബാലന് ഹനൂമാൻ വേഷമേ വേണ്ടൂ. തുടർന്ന് ഹനൂമാനെക്കുറിച്ചുള്ള വീരാപദാനങ്ങളും ഹനൂമാന്റെ ജീവിതദർശനങ്ങളുമാണ് ബാലൻ പാടുന്നത്. ശ്രീരാമപട്ടാഭിഷേകത്തിനുശേഷമുള്ള ഹനൂമത് ചിന്തകളെയാണ് ഒരു നാടകപശ്ചാത്തലത്തിൽ ഇടശ്ശേരി അവതരിപ്പിക്കുന്നത്. "ഏറിപ്പോകുന്നു" എന്ന ഗുരുവിന്റെ വിലക്കിലും ശിക്ഷയിലുമാണ് കവിത കഴിയുന്നത്. ഈ കവിത വേണ്ടത്ര കാവ്യാത്മകമല്ല, ഹനൂമാന്റെയുള്ളിൽ ഉറങ്ങുന്ന തത്വശാസ്ത്രങ്ങളെയാണ് ഇടശ്ശേരി ഈ കവിതയിൽ അനാവരണം ചെയ്യുന്നത്.

ഇടശ്ശേരിക്കവിതകളിലാകെ അദൃശ്യമായ ഹനൂമൽസാന്നിധ്യമുണ്ട്. 'കാവിലെപാട്ട്' എഴുതുമ്പോൾ ഭഗവതിക്കൊപ്പം ഹനൂമാനെയും ഇടശ്ശേരി ധ്യാനിച്ചിട്ടുണ്ടാകും.

കല്യാണസൗഗന്ധികം, ലവണാസുരവധം, തോരണയുദ്ധം എന്നീ ആട്ടക്കഥകളുടെ കർത്താക്കളാണ് അരങ്ങ് മുന്നിൽ കണ്ടുകൊണ്ട് ഹനൂമാൻ എന്ന കഥാപാത്രത്തിന് പ്രാമുഖ്യം കൊടുത്തത്. വെട്ടത്തു ശങ്കരപ്പണിക്കരെന്ന കഥകളി നടന്റെ ഹനൂമാൻ വേഷത്തെക്കുറിച്ചും ഹനൂമത്സേവയെക്കുറിച്ചുമുള്ള കഥകൾ കെ.പി.എസ്. മേനോൻ 'കഥകളിരംഗ'ത്തിൽ വിവരിക്കുന്നുണ്ട്. തുള്ളലിൽ ഹനൂമാനെ കാണുന്നില്ല; കേൾക്കുന്നേയുള്ളൂ. ആധുനികമലയാളകവിതയിൽ ഹനൂമാന്റെ സാന്നിധ്യമുള്ള കവിതകൾ വിരളമാണ്.

കണ്മിഴിക്കവേ നേരെ
വരും തന്നനുജനെ-
ക്കണ്ട സന്തോഷംകൊണ്ടു
വിടരും മിഴിനോക്കി

യിരുന്നതിനെക്കുറിച്ച് ഒളപ്പമണ്ണ ഓർമിക്കുന്നുണ്ട്. രാമൻകുട്ടി നായരുടെ ഹനൂമാനാണ് ഒളപ്പമണ്ണ കണ്ടത്. ഈ കവിതയ്ക്ക് മറുപുറമായി വായിക്കാവുന്ന ഒരു കഥ വി.കെ.എൻ. എഴുതിയിട്ടുണ്ട്. എടുത്തുതാങ്ങി വിലങ്ങനെ പ്രവേശിക്കുന്ന', വിദേശവേദിയിലെ ഹനൂമാനാണ് വി.കെ.എൻ. കഥയിലെ

| | |
|---|---|
| **ഹനുമൽസേവ ഇടശ്ശേരി ക്കവിതയിൽ**<br>**എൻ.പി. വിജയ കൃഷ്ണൻ**<br>(മാതൃഭൂമി വാരിക 2001 ഏപ്രിൽ 1)<br><br>5 | വിഷയം. 'തലസ്ഥാനത്തെ ഹനൂമാൻ'എന്നാണ് വി.പി. ശിവകുമാറിന്റെ ഒരു പുസ്തകത്തിന് പേര്.<br>ഹനൂമാൻ ഇടശ്ശേരിയുടെ ധ്യാനമൂർത്തിയായത് കളിയരങ്ങുകളുടെ സ്വാധീനംമൂലവുമാകാം. നിരന്തരമായ കഥകളികാണൽ ഈ മൂന്നു കവിതക ളെഴുതുവാൻ ഇടശ്ശേരിക്ക് പ്രചോദനമായിട്ടുണ്ടാവാം. ഈ കഥകളി ഭ്രമം ഇട ശ്ശേരിയെക്കൊണ്ട് ആട്ടക്കഥവരെ എഴുതിച്ചു. ദണ്ഡകവും ശ്ലോകവും പദവു മായി ഐക്യകേരളം എന്ന ആട്ടക്കഥ ഇടശ്ശേരി എഴുതിയിട്ടുണ്ട്.<br>(മാതൃഭൂമി വാരിക 2001 ഏപ്രിൽ 1) |